**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2287** **09.12.2014-ൽ മറുപടിയ്ക്ക്**

# കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി

ചോദ്യം

ശ്രീ. സി. ദിവാകരൻ :

കേന്ദ്രപൂളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് അനുവദിച്ചിട്ടുള്ളത് ; ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട് ; അനുവദിച്ചിട്ടുള്ള മുഴുവൻ വൈദ്യുതിയും കൊണ്ടുവരുന്നതിന് ആവശ്യമായ ഗ്രിഡ് സംവിധാനം നിലവിലുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണ് ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

1344.62 മെഗാവാട്ട്. ഇപ്പോൾ ശരാശരി 1100 മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്.

കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിലേയ്ക്ക് എത്തിക്കുന്നതിന് ആവശ്യമായ ശേഷി നിലവിലുള്ള ഗ്രിഡിനുണ്ട്. എന്നാൽ കേന്ദ്രപൂളിൽ നിന്നല്ലാതെ മറ്റ് സ്രോതസ്സുകളിൽ നിന്നും വൈദ്യുതി എത്തിക്കേണ്ടതായി വരുമ്പോളാണ് ഗ്രിഡിന്റെ അപര്യാപ്തത ഉണ്ടാവുന്നത്. കേന്ദ്രവിഹിതവും കേരളത്തിന്റെ ആഭ്യന്തര ഉല്പാദനവും കൊണ്ട് മാത്രം കേരളത്തിന്റെ ഊർജ്ജാവശ്യം നിറവേറ്റാൻ പര്യാപ്തമല്ല. ഇതിലേയ്ക്കായി കരാറടിസ്ഥാനത്തിൽ മറ്റ സ്ഥലങ്ങളിൽ നിന്നും അന്തർസംസ്ഥാന ലൈനുകൾ വഴി വൈദ്യുതി എത്തിക്കേണ്ടതായി വരുമ്പോൾ ഗ്രിഡിന്റെ അപര്യാപ്തത മുഖ്യവിഷയമാണ്. പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന അന്തർസംസ്ഥാന ലൈനുകൾ നിർമ്മിച്ചു വരുന്നു.

(i) 400 കെ.വി. മൈസൂർ-അരിക്കോട് ഡബിൾ സർക്യൂട്ട് ലൈൻ പ്രസ്തുത ലൈനിന്റെ കേരളത്തിലുള്ള ഭാഗത്തെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കർണ്ണാടക ഭാഗത്ത് കാപ്പി കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനായി കർണ്ണാടക ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ii) കൂടംകുളത്തുനിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്നതിനായി നിർമ്മിക്കുന്ന 400

കെ.വി. തിരുനെൽവേലി മാടക്കത്തറ ലൈനിന്റെ ഇടമൺ-കൊച്ചി ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

(iii) 400 കെ.വി. ഉഡുപ്പി (കർണ്ണാടക)- മൈലാട്ടി – അരീക്കോട് ഡബിൾ സർക്യൂട്ട് ലൈനും മൈലാട്ടിയിൽ ഒരു 400 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അനുമതിയും SPRC-യിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(iv) Raigarh – Pugalur – Madakkathara 800 kV HVDC ലൈനിന്റെ നിർമ്മാണം നടത്തുന്നതിനായി CEA-യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ കർണ്ണാടകയിലെ കോനാജേയിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്ന കോനാജേ-മഞ്ചേശ്വരം 110 കെ.വി ലൈനിന്റെ കേരളത്തിലെ ഭാഗത്തെ 110 കെ.വി തവിട്ടുഗൊളി – മൈലാട്ടി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ലൈനാക്കി ശക്തിപ്പെടുത്തുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ.**